LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നീ രംഗങ്ങളിൽ വനസംരക്ഷണ സമിതികൾക്കും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാന വനവികസന ഏജൻസിയും ഇതിന്റെ ഭാഗമായി വനംവകുപ്പ് ആസ്ഥാനത്ത് 'വനശ്രീ സെല്ലും' 2010 ജൂൺ മുതൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേന ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ എന്ന പേരിൽ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തി വരുന്നു. നിലവിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2010-11 വർഷത്തിൽ 14 സ്ഥലങ്ങളിൽ കൂടി ഇക്കോഷോപ്പുകൾ പുതുതായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വി.എസ്.എസ്./ഇ.ഡി.സി. മുഖാന്തിരം ശേഖരിക്കുന്ന വനവിഭവങ്ങൾ അതത് വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വനശ്രീ ഇക്കോഷോപ്പുകൾ വിപണനം നടത്തുന്നത്.

എൻ.റ്റി.എഫ്.പി. ഉൽപ്പന്നങ്ങളുടെ വിപണനം ക്രമീകരിക്കുന്നതിന് നടപടി

110 (5792) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.റ്റി.എഫ്.പി.യുടെ ശാസ്ത്രീയ ശേഖരണത്തിനും ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം ക്രമീകരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം കാര്യങ്ങൾക്കുള്ള വൈദഗ്ധ്യം വികസിപ്പിക്കുന്നത് സഹായിക്കുന്നതിനായി വനശ്രീ എന്ന പേരിൽ ഒരു അപ്പക്സ് സംഘം സ്ഥാപിക്കുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) പ്രസ്തുത രംഗത്ത് എന്തൊക്കെ സേവനങ്ങൾ നൽകാനാണ് അപ്പക്സ് സംഘത്തിന് കഴിയുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ രൂപീകരിക്കുന്ന അപ്പക്സ് സംഘത്തിന്റെ ഘടനയും പ്രവർത്തന രീതികളും എന്തൊക്കെയായിരിക്കും എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ അപ്പക്സ് സംഘം എന്നുമുതൽ പ്രവർത്തിച്ചു തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) എൻ.റ്റി.എഫ്.പി.-യുടെ ശാസ്ത്രീയ ശേഖരണത്തിനായി വി.എസ്. എസ്., ഇ.ഡി.സി. അംഗങ്ങൾക്ക് വന വികസന ഏജൻസികളുടെ നേതൃത്വത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ സഹായത്താൽ പരിശീലനം നൽകുന്നുണ്ട്. എൻ.റ്റി.എഫ്.പി.-യുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധന എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഗുണനിലവാരമുള്ള മൂല്യവർദ്ധിത വിഭവങ്ങൾ വനശ്രീ ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിന് ഇക്കോഷോപ്പുകൾ തുറന്നിട്ടുണ്ട്. നിലവിൽ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2010-11 വർഷത്തിൽ 14 സ്ഥലങ്ങളിൽ കൂടി ഇക്കോ ഷോപ്പുകൾ പുതുതായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയിതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ രംഗങ്ങളിൽ വന സംരക്ഷണ സമിതികൾക്കും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കും ആവശ്യമായ സാങ്കേതിക-സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാനതലത്തിൽ വനം വകുപ്പാസ്ഥാനത്ത് വനശ്രീ സെൽ തുടങ്ങുന്നതിന് ജി.ഒ.(ആർ റ്റി.) നമ്പർ 76/2010/എഫ് & ഡബ്ല്യു.എൽ.ഡി. തീയതി 17-2-2010 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. വനവികസന ഏജൻസികളുടെ സംസ്ഥാനതല കൂട്ടായ്മയായ സംസ്ഥാന വന വികസന ഏജൻസിയുമായി ബന്ധപ്പെട്ടാണ് വനശ്രീ സെൽ പ്രവർത്തിക്കുന്നത്.

(സി) തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവ നിർവ്വഹിക്കുന്നതിന് വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വനപ്രദേശങ്ങളിലെ തടിയിതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനം ഏർപ്പെടുത്തുക, ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് വനശ്രീ സെൽ വഴി സംസ്ഥാന വനവികസന ഏജൻസി നിറവേറ്റുന്നത്.

(ഡി) വനം വകുപ്പിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായ സംസ്ഥാന വന വികസന ഏജൻസിയുടെ ഭരണസമിതിയിൽ വനം, ധനകാര്യം, റവന്യൂ വകുപ്പു സെക്രട്ടറിമാർ, പഞ്ചായത്ത് പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ തലവന്മാർ, കേന്ദ്ര സർക്കാരിന്റെ പ്രതിനിധി, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. വനം വകുപ്പിലെ ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നേതൃത്വം നൽകുന്ന വനശ്രീ സെല്ലിൽ ഒരു അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വന വികസന ഏജൻസികൾക്ക് എൻ.റ്റി.എഫ്.പി. മൂല്യവർദ്ധന നടത്തി വിപണനം ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സേവനങ്ങൾ ഏർപ്പെടുത്തുകയാണ് പ്രധാന പ്രവർത്തനം.

(ഇ) സംസ്ഥാന വന വികസന ഏജൻസി 2010 ജൂൺ 3-ന് നിലവിൽ വന്നു.

വളപട്ടണം പുഴയോരത്ത് ഇക്കോ ടൂറിസം സൊസൈറ്റി നിർമ്മിച്ച മാൻഗ്രോവ് തീം പാർക്ക്

111 (5798) ശ്രീ. കെ. സി. ജോസഫ് താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയോരത്ത് പുഴവാരം കയ്യേറി ഇക്കോടൂറിസം സൊസൈറ്റി നിർമ്മിച്ച മാൻഗ്രോവ് തീം പാർക്ക് പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചാണ് നിർമ്മാണപ്രവർത്തനം നടത്തിയതെന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി നടത്തിയ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയം, കേരള തീരദേശ പരിപാലന അതോറിറ്റി ചെയർമാന് അയച്ചതായി അറിയുന്നു.

(സി) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി നിയമിച്ച വിദഗ്ധ സമിതി 20-7-2010-ന് കണ്ടൽ തീം പാർക്ക് പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ 19-7-2010-ന് കണ്ടൽ തീം പാർക്ക് പ്രവർത്തനം നിർത്തിവച്ചതായും വിവരം ലഭിച്ചിട്ടുണ്ട്.

നഗര പ്രദേശങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കാൻ നടപടി

112 (5801) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കാൻ, സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ആലപ്പുഴ നഗരത്തിൽ എത്ര കാവുകളും പൊതു കുളങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly